**കേരള സർക്കാർ**

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ശാന്തി നഗർ, തിരുവനന്തപുരം**

# പത്രക്കുറിപ്പ്

## ബി.എഡ് കോഴ്സ് പ്രവേശനം-2006:
## സീറ്റ് അലോട്ടുമെന്റ് നടപടിക്രമം

ഇന്റർനെറ്റ് വഴി വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഓപ്ഷനുകൾ സ്വീകരിച്ച് അലോട്ടുമെന്റ് നൽകുന്ന സംവിധാനമാണ് ഈ വർഷം ബി.എഡ് കോഴ്സ് പ്രവേശനത്തിന് നടപ്പിലാക്കുന്നത്. നിശ്ചിത വെബ്സൈറ്റ് വഴി ഓപ്ഷൻ സമർപ്പിക്കുന്ന നടപടിയാണ് ഈ സംവിധാനത്തിലെ ആദ്യഘട്ടം. നടപടി ക്രമങ്ങൾ **http://cee.kerala.gov.in/capbed** എന്ന വെബ് സൈറ്റിലൂടെയായിരിക്കും. റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥി ആ വെബ് സൈറ്റിലേക്ക് ആദ്യം ചെല്ലേണ്ടതുണ്ട്. ഇതിനായി ഇന്റർനെറ്റ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. വെബ് സൈറ്റിൽ കയറുമ്പോൾ, കാണുന്ന പേജിൽ വിദ്യാർത്ഥിയുടെ വ്യക്തിപരമായ ചില വിവരങ്ങൾ ആവശ്യപ്പെടും. അവ രേഖപ്പെടുത്തണം. റോൾ നമ്പർ, അപേക്ഷാ നമ്പർ, ഡേറ്റാ ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പത്ത് അക്കങ്ങളുള്ള കീ നമ്പർ എന്നിവയാണ് വിദ്യാർത്ഥി അവിടെ രേഖപ്പെടുത്തേണ്ടത്. ഇത് മൂന്നും ശരിയെങ്കിൽ മാത്രമേ, വിദ്യാർത്ഥിക്ക് തന്റെ ഓപ്ഷനുകൾ രേഖപ്പെടുത്താനുള്ള അവസരം ലഭിക്കുകയുള്ളു. ഒരു വിദ്യാർത്ഥിയുടെ പേരിൽ മറ്റൊരാൾ തെറ്റായ ഓപ്ഷനുകൾ സമർപ്പിക്കുന്നത് ഒഴിവാക്കാനാണ് ഈ മൂന്നു വിവരങ്ങളും ആദ്യം തന്നെ ആവശ്യപ്പെടുന്നത്. ഈ മൂന്നു നമ്പരുകളും വിദ്യാർത്ഥിക്കു മാത്രം അറിയാവുന്നവയായതിനാൽ രഹസ്യ സ്വാഭാവമുള്ളവയാണ്. യഥാർത്ഥ വിദ്യാർത്ഥിയാണ് ഓപ്ഷൻ രേഖപ്പെടുത്തുന്നത് എന്ന് ഇതിലൂടെ ഉറപ്പു വരുത്തുന്നു.

വിദ്യാർത്ഥി നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വിദ്യാർത്ഥിയെ മറ്റൊരു പേജിലേക്ക് നയിക്കുന്നു. ആവശ്യമെങ്കിൽ ഒരു പാസ് വേർഡ് ക്രമപ്പെടുത്തുവാൻ വിദ്യാർത്ഥിക്ക് ഇവിടെ സൗകര്യമുണ്ടായിരിക്കും. തന്റെ പേജിന്റെയും ഓപ്ഷന്റെയും സുരക്ഷിതത്വം ഉറപ്പു വരുത്താൻ വിദ്യാർത്ഥിക്ക് താൻ നിശ്ചയിക്കുന്ന ഒരു കോഡ് ഇവിടെ രേഖപ്പെടുത്താം. ഇതേത്തുടർന്ന് ഓപ്ഷനുകൾ രേഖപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ വിദ്യാർത്ഥിയുടെ മുന്നിൽ തെളിയുന്നതാണ്.

ഓപ്ഷനുകൾ കോളേജ് കോഡിന്റെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തേണ്ടത്. ഒന്നിൽ കൂടുതൽ വിഷയങ്ങളിൽ അർഹത നേടിയിട്ടുള്ളവർക്ക് കോഴ്സ് കോഡും ഓപ്ഷൻ രേഖപ്പെടുത്തുന്നതിൽ ഒരു ഘടകമായിരിക്കും. വിദ്യാർത്ഥികൾക്ക് മൂന്നക്ഷരമുള്ള കോളേജ് കോഡും രണ്ടക്ഷരമുള്ള കോഴ്സ് കോഡും ഈ പേജിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് വിദ്യാർത്ഥിക്ക് മുൻഗണനാക്രമം രേഖപ്പെടുത്താവുന്നതാണ്.

വിദ്യാർത്ഥിക്ക് ബാധകമായ കോഴ്സ്/കോഴ്സുകൾ അനുസരിച്ചുള്ള ഓപ്ഷനുകൾ വിദ്യാർത്ഥിയുടെ മുന്നിൽ തെളിയും. ബാധകമായ കോഴ്സ്/കോഴ്സുകൾ ലഭ്യമായിട്ടുള്ള കോളേജുകളുടെ പട്ടികയാണ് വിദ്യാർത്ഥിക്കു മുന്നിൽ തെളിയുക. ഓരോ കോളേജ് ഓപ്ഷനിലും വിദ്യാർത്ഥിയുടെ താൽപര്യക്രമം രേഖപ്പെടുത്താൻ സൗകര്യം ലഭിക്കും. അതിൽ താൽപര്യമനുസരിച്ച് മുൻഗണനാക്രമം രേഖപ്പെടുത്താം. പേജിൽ ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് ഓപ്ഷൻ ക്രമം രേഖപ്പെടുത്തേണ്ടതാണ്. ഓപ്ഷനുകൾ രേഖപ്പെടുത്തുന്ന മുറയ്ക്ക് വിവരങ്ങൾ കമ്പ്യൂട്ടറിൽ സേവ് ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കും. അത് ഉപയോഗപ്പെടുത്തണം.

വെബ് സൈറ്റിൽ ഓപ്ഷൻ രേഖപ്പെടുത്തുന്നതിനു മുമ്പായി തന്റെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലേക്ക്, കോഴ്സുകളുടെയും കോളേജുകളുടെയും കോഡുകൾ അടങ്ങിയ ലിസ്റ്റ് സൈറ്റിൽ

നിന്ന് എടുത്ത് മുൻഗണനാക്രമം അതിൽ രേഖപ്പെടുത്താവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താം. വിദ്യാർത്ഥി രേഖപ്പെടുത്തുന്ന ഓപ്ഷന്റെ പ്രിന്റൗട്ടും വെബ് സൈറ്റിൽ നിന്ന് എടുക്കാം.

ഓപ്ഷനുകൾ രേഖപ്പെടുത്താൻ നിശ്ചിത സമയ പരിധി അനുവദിക്കുന്നതാണ്. ഇതിനായി ഏതാനും ദിവസങ്ങൾ വിദ്യാർത്ഥികൾക്കു ലഭിക്കും. ഈ കാലയളവിൽ വിദ്യാർത്ഥികൾക്ക് ഒരിക്കൽ രേഖപ്പെടുത്തിയ ഓപ്ഷനുകൾ മാറ്റാൻ അവസരം ലഭിക്കും. പുതിയവ ചേർക്കാനും ചിലത് ഒഴിവാക്കാനും, മുൻഗണനാക്രമം മാറ്റാനും ഈ കാലയളവിൽ അവസരമുണ്ടായിരിക്കും. പക്ഷെ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയ പരിധി കഴിഞ്ഞാൽ യാതൊരു മാറ്റവും അനുവദിക്കില്ല.

ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ വിദ്യാർത്ഥികൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(i) തനിക്കു ലഭിച്ചിരിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുവാൻ സാദ്ധ്യതയുള്ള കോളേജ് സംബന്ധിച്ച് ഒരു ധാരണ രൂപപ്പെടുത്തുക.

(ii) അലോട്ടുമെന്റ് ലഭിച്ചാൽ സ്വീകരിക്കുമെന്നുറപ്പുള്ള കോളേജുകളിലേക്കു മാത്രം ഓപ്ഷൻ നൽകുക.

(iii) അലോട്ടുമെന്റ് ലഭിച്ചാൽ പ്രവേശനം എടുക്കുവാൻ താൽപര്യമില്ലാത്ത കോളേജുകളിലേക്ക് ഓപ്ഷൻ നൽകാതിരിക്കുക.

ഒന്നിൽ കൂടുതൽ കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ നൽകാൻ അർഹതയുള്ളവർ കോഴ്സുകളുടെയും കോളേജുകളുടെയും അടിസ്ഥാനത്തിൽ സംയുക്തമായി മുൻഗണനാക്രമം നിശ്ചയിച്ച് ഓപ്ഷൻ ക്രമപ്പെടുത്തേണ്ടതാണ്. ഓരോ വിഷയത്തിനും പ്രത്യേകം മുൻഗണനാക്രമം നിശ്ചയിക്കരുത്.

നിശ്ചിത തീയതിക്കും നിശ്ചിത സമയത്തിനുമുള്ളിൽ സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ വ്യവസ്ഥകളും സംവരണ തത്ത്വങ്ങളും പാലിച്ച് വിദ്യാർത്ഥികൾക്ക് ആദ്യ അലോട്ടുമെന്റ് നൽകും. അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥി നിശ്ചിത സമയ പരിധിക്കുള്ളിൽ തനിക്കു ലഭിച്ച കോഴ്സിന് ബാധകമായ ഫീസ് കാനറാ ബാങ്ക് ശാഖയിൽ (ലിസ്റ്റ്, സൈറ്റിൽ ലഭ്യമാക്കുന്നതാണ്) ഒടുക്കി അലോട്ടുമെന്റ് ഉറപ്പിക്കേണ്ടതാണ്. സ്വാശ്രയ കോളേജിലെ സർക്കാർ മെറിറ്റ് സീറ്റിലേയ്ക്ക് കെ.ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസ് അടയ്ക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അഡ്മിഷൻ നഷ്ടപ്പെടുന്നതും ആ കോഴ്സിലെ ഭാവിയിലെ എല്ലാ അവകാശവാദങ്ങളും നഷ്ടപ്പെടുന്നതുമാണ്. ലഭിക്കുന്ന ഓപ്ഷന്റെ താഴെയുള്ളവ സ്വയം റദ്ദു ചെയ്യപ്പെടും. നിശ്ചിത തീയതിക്കകം ഫീസ് അടച്ച വിദ്യാർത്ഥിക്ക് തന്റെ മിച്ചമുള്ള ഓപ്ഷനുകൾ (ലഭിച്ച ഓപ്ഷന്റെ മുകളിലുള്ളവ) നിലനിർത്താനോ, മൊത്തത്തിൽ റദ്ദു ചെയ്യാനോ, ഏതാനും ചിലത് മാത്രം റദ്ദു ചെയ്യാനോ പുനക്രമീകരിക്കാനോ അവസരം ലഭിക്കുന്നതാണ്. ഇതിനും സമയപരിധി ഉണ്ടായിരിക്കും. പുതിയ ഓപ്ഷനുകൾ യാതൊരു കാരണവശാലും ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല. ആ സമയപരിധിക്കു ശേഷം ആദ്യ റീ-അലോട്ടുമെന്റ് പ്രഖ്യാപിക്കും. അതിനാൽ ആദ്യ അലോട്ടുമെന്റിൽ തൃപ്തരായവർ മറ്റൊരു മാറ്റം അഗ്രഹിക്കുന്നില്ലെങ്കിൽ ഈ കാലയളവിൽ അവശേഷിക്കുന്ന ഓപ്ഷനുകൾ റദ്ദു ചെയ്യേണ്ടതാണ്. റദ്ദു ചെയ്യുന്നില്ലെങ്കിൽ മാറ്റത്തിനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. **അങ്ങനെയൊരു മാറ്റം ലഭിച്ചാൽ നിർബ്ബന്ധമായും അത് സ്വീകരിക്കേണ്ടതാണ്. നേരത്തെ ലഭിച്ചിരുന്ന അലോട്ടുമെന്റ് നഷ്ടപ്പെടുകയും ചെയ്യും.**

ആദ്യ റീ-അലോട്ടുമെന്റിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാർത്ഥികളും നിശ്ചിത തീയതിയിൽ കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആവശ്യമായ എല്ലാ ഒറിജിനൽ രേഖകളും പ്രവേശന സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്. വിദ്യാഭ്യാസയോഗ്യത പ്രവേശനസമയത്ത് പരിശോധിക്കുന്നതായിരിക്കും. യോഗ്യത ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്നതല്ല. അവരുടെ അലോട്ടുമെന്റ് റദ്ദു ചെയ്യപ്പെടുന്നതാണ്.

വിശദാംശങ്ങൾ അലോട്ടുമെന്റ്/റീ-അലോട്ടുമെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ലഭ്യമാക്കുന്നതാണ്. ഓരോ അലോട്ടുമെന്റിനു ശേഷവും ലഭിച്ച ഓപ്ഷനു മുകളിലുള്ള മറ്റ് ഓപ്ഷനുകൾ പുനഃക്രമീകരിക്കാനും റദ്ദാക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും. റീ-അലോട്ടുമെന്റ് ലിസ്റ്റുകൾ മുൻകൂട്ടി പ്രഖ്യാപിക്കുന്ന സമയക്രമമനുസരിച്ച് സൈറ്റിൽ കൊടുക്കുന്നതാണ്. അതനുസരിച്ച് വിദ്യാർത്ഥികൾ അഡ്മിഷൻ നടപടി ക്രമങ്ങൾ പൂർത്തിയാക്കണം.

ഈ പ്രക്രിയയിൽ പങ്കെടുക്കുന്നതിന് കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും അത്യന്താപേക്ഷിതമാണ്. ഈ സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക്, ഇതിലേക്ക് സർക്കാർ ഒരുക്കുന്ന സംവിധാനം പ്ര.യോജനപ്പെടുത്താവുന്നതാണ്. ഈ സംവിധാനത്തെക്കുറിച്ചു വേണ്ട മാർഗ്ഗനിർദ്ദശങ്ങൾ നൽകുവാനും വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുവാനും കമ്പ്യൂട്ടർ/ഇന്റർനെറ്റ് സൗകര്യം ലഭ്യമായ 'ഇൻഫർമേഷൻ, ഗൈഡൻസ് & ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകൾ' എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ മാസം 18-9-2006 മുതൽ പ്രവർത്തിക്കുന്നതാണ്. സൗജന്യമായി ലഭിക്കുന്ന ഈ സൗകര്യം താർപര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**<u>ഈ കേന്ദ്രത്തിൽ ലഭിക്കുന്ന സൗകര്യങ്ങൾ</u>:**

കേന്ദ്രം പ്രവർത്തിക്കുന്ന കോളേജിലെ പ്രിൻസിപ്പൽ നിയോഗിക്കുന്ന അദ്ധ്യാപകനായിരിക്കും കേന്ദ്രത്തിന്റെ മേൽനോട്ടം. അദ്ദേഹത്തെ സഹായിക്കുവാനും വിദ്യാർത്ഥിക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും മറ്റ് അദ്ധ്യാപകരും ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരും കേന്ദ്രത്തിൽ ഉണ്ടായിരിക്കും. ഈ കേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ നടപടിക്രമം ഇവർ വിശദമാക്കി ക്കൊടുക്കുന്നതാണ്. വിദ്യാർത്ഥിക്ക് ആവശ്യമെങ്കിൽ ഓപ്ഷൻ രേഖപ്പെടുത്തുവാനുള്ള ഫോം ആവശ്യപ്പെടാവുന്നതാണ്. അതിൽ ഓപ്ഷൻ ക്രമം രേഖപ്പെടുത്തിയ ശേഷം ആ രീതിയിൽ ഓപ്ഷൻ കമ്പ്യൂട്ടറിൽ രജിസ്റ്റർ ചെയ്യാൻ അവിടെയുള്ള ഡേറ്റാ എൻട്രി ഓപ്പറേറ്റർ വിദ്യാർത്ഥിയെ സഹായിക്കുന്നതായിരിക്കും. ഓപ്ഷൻ രജിസ്റ്റർ ചെയ്യുമ്പോൾ വിദ്യാർത്ഥിയുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്നു വിദ്യാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്.

അലോട്ടുമെന്റ്/റീ-അലോട്ടുമെന്റ് പ്രഖ്യാപിക്കുന്ന ദിവസങ്ങളിലും, ഓപ്ഷൻ റദ്ദാക്കുവാൻ അനുവദിച്ചിട്ടുള്ള കാലയളവിലും ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായിരിക്കും.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് 18-9-2006 മുതൽ 22-9-2006 (വൈകിട്ട് 5 മണി) വരെയുള്ള ദിവസങ്ങളിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് ഇൻഫർമേഷൻ, ഗൈഡൻസ് & ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

രാവിലെ 9 മണി മുതൽ ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷനും പ്രവേശന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഒരു 'ഹെൽപ്പ് ഡെസ്ക്'18-9-2006 മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ രാവിലെ 9 മണി മുതൽ പ്രവർത്തിക്കുന്നതാണ്. സംശയനിവാരണത്തിനായി താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ വിദ്യാർത്ഥികൾക്ക് ബന്ധപ്പെടാവുന്നതാണ്. പ്രവേശന നടപടിക്രമം കാണിക്കുന്ന സമയ വിവര പട്ടികയും ഇൻഫർമേഷൻ, ഗൈഡൻസ് & ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകൾ, ഫീസ് സ്വീകരിക്കുന്ന കാനറാ ബാങ്ക് ശാഖകൾ എന്നിവയുടെ വിശദാംശങ്ങളും അനുബന്ധങ്ങളിൽ നൽകിയിട്ടുണ്ട്.

നമ്പറുകൾ: 0471 2332120, 0471 2338487

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17-09-2006